# സ്ലീബാ പെരുന്നാൾ ശുശ്രൂഷാ ക്രമം

(സെപ്റ്റംബർ 14)

## പ്രാരംഭ പ്രാർത്ഥന

സ്വർഗ്ഗീയ സമാധാനത്തിൻെറ ഉടയവനും പ്രകൃത്യാ സ്നേഹവും, ആകാശത്തേയും ഭൂമിയേയും അതിലുള്ള സകലത്തേയും തൻെറ കുരിശിനാൽ സംയോജിപ്പിച്ചവനുമായ ഞങ്ങളുടെ കർത്താവെ! ഞങ്ങൾ അധിവസിക്കുന്ന ഈ രാജ്യത്തിൽ നിന്നും കോപവടികളെ നീക്കിക്കളയുകയും ലോകം മുഴുവനേയും അതിലെ നിവാസികളേയും കഠിനമായ ശിക്ഷാവിധികളിൽ നിന്നും വിടുവിക്കുകയും ചെയ്യണമെ. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കഷ്ടതകൾ സഹിക്കുകയും ഞങ്ങൾക്കുവേണ്ടി കുരിശുമരണം ഏൽക്കുകയും ചെയ്ത ദൈവപുത്രാ! ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എല്ലായ്പ്പോഴും സ്തുതിയും സ്തോത്രവും സമർപ്പിക്കും. **ഹോശോ വബ് കൂൽ സ്ബാൻ ല് ഒൽമീൻ.**

### 51–ാം മസ്മൂർ

ദൈവമെ! നിൻെറ കൃപയിൻ പ്രകാരം.....

**കോലോ** (സ്ലീബോ വോസോ ദ് ശൈനോ...)

ശുഭമാം ചിഹ്നം താൻ സ്ലീബാ
വിജയക്കൊടി താൻ സ്ലീ-ബാ
നമ്മേ രക്ഷിച്ചീടുന്ന
സ്ലീബായിൽ പുകഴുന്നു നാം

യേശു മഹേശാ! നിൻ സ്ലീബാ
നിൻ ജനനി പ്രാർത്ഥ-നയി-വയാൽ
പായിക്കുക മായിക്കുക നിൻ
ശിക്ഷയുമരിശത്തി-ൻ ദണ്ഡും

ആദാമ്യർക്കായ് സ്ലീബായെ
ഗോവണിയാക്കിയവൻ ധ-ന്യൻ
നിബ്വി ശ്ലീഹന്മാർ സഹദേന്മാ-
രതിലൂടാരോഹം ചെയ്തു

സ്ലീബാ വാണൂ സ്വർഗത്തിൽ
സ്ലീബാ വാണൂ ഭൂ-മി-യിലും
സ്ലീബാ പള്ളികളാം ദയറാകളാം
ക്കെല്ലാമാകട്ടേ -കോട്ട

നാഥൻ കൂട്ടായുള്ളതിനാൽ
ദുഷ്ടനെ നാം പേടി-ക്കി-ല്ല
തൻ ദിവ്യായുധ ധാരികളാം
നമ്മൾക്കുന്നതിയു -ണ്ടാ-കും

സ്ലീബായെ തോളിൽ താങ്ങി
സീയോനിൽ നിന്നും പോയോൻ
മൃതർതന്നസ്ഥികളിൻ മീതേ
ചൊരിയട്ടേ കരുണാ -പ-നിനീർ.

നാഥാ! കുരിശിന്മേൽ മോക്ഷാ-
വെന്നോണം നിൻ വാ-ഗ്ദാ-നം
പ്രാപിക്കണമെ ത്തുത്വത്തെ-
യേറ്റുപറഞ്ഞ പരേ-ത-ന്മാർ.

**ബാറെക്ക്മോർ - ശുബഹോ...- മെൻഓലം...**

യേറുശലേം ഗോഗുൽചനായിൽ
ക്രൂശിതനാം ഈശോ സ്തോത്രം
പാറപിളർന്നു തൻ ധ്വനിയാൽ
മൃതരേറി സ്തോത്രം -പാടി.

**ശുശ്രൂഷകൻ: സ്തൗമെൻ കാലോസ്...**

## പ്രുമിയോൻ

**പുരോഹിതൻ: നാമെല്ലാവരും പ്രാർത്ഥിച്ച്....**

മരത്തിന്മേൽ തൂക്കപ്പെട്ട് തന്റെ കൈനീട്ടി സ്വജാതിയേയും വിജാതിയേയും കൂട്ടിച്ചേർത്ത സ്വർഗ്ഗീയ സമാധാനവും പടിഞ്ഞാറോട്ടഭിമുഖമായി സ്ലീബാമേൽ കയറി സകല സീമകളിൽ നിന്നും യഥാർത്ഥ സ്തുതിയും സത്യാരാധനയും കൈക്കൊണ്ട ജഡം ധരിച്ച കർത്താവും, തന്റെ ആടുകൾക്കുവേണ്ടിയുള്ള കരുതലാൽ തന്റെ ഉത്തമ ഇടയത്തം വെളിപ്പെടുത്തുകയും തന്റെ ഇടവകയ്ക്കു വേണ്ടി പ്രാണാർപ്പണം ചെയ്ത് തന്റെ മഹാ കൃപയുടെ ബാഹുല്യത്തെ സ്ഥിരീകരിക്കുകയും തന്റെ മനോധൈര്യം മൂലം സകല ജാതികളേയും രക്ഷിക്കുകയും തന്റെ ബലിയാൽ സർവ്വരുടേയും പാപങ്ങൾ ക്ഷമിക്കുകയും ചെയ്ത യഥാർത്ഥ ഇടയനും ആയവനു സ്തുതി. തനിക്ക് ഈ സ്ലീബാപെരുന്നാളിന്റെ സമയത്തും..... **ബ്കുൽഹൂൻ യൗമോസോ...**

മഹോന്നതനായ ദൈവമെ! നിന്റെ രൂപത്തിൽ ഞങ്ങളെ സൃഷ്ടിക്കയും നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ നിർമ്മിക്കയും ചെയ്കതിനാൽ നിന്റെ നിത്യതയെ ഞങ്ങൾ വന്ദിച്ച് സ്തുതിച്ച് പുകഴ്ത്തുന്നു. മനുഷ്യവത്സലനെ! ഈ വെള്ളിയാഴ്ച ദിവസത്തിൽ നിന്റെ സ്ലീബാമൂലം ഞങ്ങളെ രക്ഷിക്കയും നിന്റെ ശരണത്താൽ ഞങ്ങൾക്ക സ്വാതന്ത്ര്യം നൽകുകയും ചെയ്കതിനാൽ നിന്റെ രക്ഷയെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആദിയിൽ ആറാം ദിവസം നിനക്കാഗ്രഹം തോന്നിയിട്ട് ഞങ്ങളുടെ സൃഷ്ടിയെ നീ നിർവഹിച്ചു. ഓദംസോയിലെ മണ്ണ് നിന്റെ തൃകൈകളിൽ നീ എടുത്ത് മനഞ്ഞ് നിന്റെ രൂപസാമ്യത്തിൽ അതിനെ സജ്ജമാക്കി. നിന്റെ വായിലെ ശ്വാസത്തിൽ നിന്ന് അവന്റെ മുഖത്ത് നീ ജീവശ്വാസം ഊതി. അവൻ സൌന്ദര്യസംപൂർണ്ണനായി ജ്ഞാനത്തിൽ തികഞ്ഞ് ഒരു അത്ഭുത ഭാജനമായിത്തീരുകയും ചെയ്തു. ബുദ്ധിഹീനതമൂലം അവൻ കല്പന ലംഘിച്ച് നിന്ദിതനായപ്പോൾ ന്യായവിധിയാൽ കുററാരോപണം ചെയ്യപ്പെടുകയും മരണത്താൽ നശിപ്പിക്കപ്പെടുകയും ചെയ്തു. കാരുണ്യവാനും കൃപാപൂർണ്ണനും ദയാലുവുമായ കർത്താവെ! [illegible]

[illegible]യും [illegible]. ആദിയിൽ നിനക്ക പ്രീതിതോന്നി സൃഷ്ടിക്കയും അവസാനം രക്ഷിക്കയും ചെയ്തപ്രകാരം ഇപ്പോഴും കരുണാപുരസ്സരം നിന്റെ സൃഷ്ടിയെ നീ ദർശിച്ച് നിന്റെ സ്ലീബാമൂലം ഭൂതലത്തിനു മുഴുവനും സഹായം നൽകണമെ. നിന്റെ സ്ലീബായാൽ കോപത്തെ ശമിപ്പിക്കേണമെ. നിന്റെ സ്ലീബായാൽ യുദ്ധങ്ങളെ ശാന്തമാക്കണമെ. നിന്റെ സ്ലീബായാൽ കലഹങ്ങളെ മായിച്ചുകളയണമെ. നിന്റെ സ്ലീബായാൽ ശിക്ഷകളെ തടുക്കണമെ. നിന്റെ സ്ലീബായാൽ ക്ഷോഭിച്ചിരിക്കുന്നവരെ ശാന്തമാക്കണമെ. നിന്റെ സ്ലീബായാൽ കലഹകാരികളെ സമാധാനപ്പെടുത്തണമെ. നിന്റെ സ്ലീബായാൽ ഡംഭത്തെ വിനീതമാക്കണമെ. നിന്റെ സ്ലീബാ

യാൽ ശത്രുതയെ ദൂരീകരിക്കണമെ നിന്റെ സ്ലീബായാൽ കോപത്തെ ശമിപ്പിക്കണമെ. നിന്റെ സ്ലീബായാൽ ദുഷ്ടതയുടെ ഉഗ്രതയെ അമർത്തേണമെ. നിന്റെ സ്ലീബായാൽ പള്ളികളെ സ്ഥിരപ്പെടുത്തേണമെ. നിന്റെ സ്ലീബായാൽ ദയറാകളെ ദൃഢീകരിക്കേണമെ. നിന്റെ സ്ലീബായാൽ പുരോഹിതന്മാരെ പ്രശോഭിപ്പിക്കണമെ നിന്റെ സ്ലീബായാൽ ശെമ്മാശന്മാരെ പ്രശസ്തരാക്കണമെ. നിന്റെ സ്ലീബായാൽ വൃദ്ധന്മാരെ താങ്ങേണമെ. നിന്റെ സ്ലീബായാൽ യുവാക്കളുടെ ഉന്മേഷത്തെ നിയന്ത്രിക്കേണമെ. നിന്റെ സ്ലീബായാൽ ശിശുക്കളെ വളർത്തേണമെ. നിന്റെ സ്ലീബായാൽ പാപികൾക്ക മോചനം നൽകണമെ. നിന്റെ സ്ലീബായാൽ അപരാധികളോടു ക്ഷമിക്കേണമെ, ഇപ്പോൾ തിരുസന്നിധിയിൽ വന്ദിക്കുകയും നിന്റെ കഷ്ടാനുഭവങ്ങളെ ബഹുമാനിക്കയും നിന്റെ മുറിവുകളെ താലോലിക്കയും നിന്റെ വ്രണങ്ങളെ തഴുകുകയും നിന്റെ വടുക്കളെ ചുംബിക്കയും നിന്റെ സ്ലീബായിൽ പ്രശംസിച്ച് ആനന്ദിച്ച് അഭിമാനംകൊള്ളുകയും ചെയ്യുന്ന നിന്റെ ഇടവകയെ നീ ഭംഗിയായി ക്രമീകരിക്കേണമെ. ഞങ്ങളേയും നിന്റെ സർവ്വജനത്തേയും പൂർണ്ണമായി നീ രക്ഷിക്കേണമെ. നിന്റെ വാഗ്ദാനങ്ങൾ ഞങ്ങളുടെ അടുക്കൽ നിറവേററണമെ. ഞങ്ങൾ മുഖപ്രസന്നതയോടെ നിന്റെ മഹനീയ പുനരുത്ഥാനത്തിലേക്ക ചെന്നുചേരത്തക്കവണ്ണം നിന്റെ ഉയിർപ്പാൽ ഞങ്ങളെ സന്ദർശിക്കേണമെ. ഞങ്ങൾ നിന്റെ മണവറയിൽ തോഴന്മാരും നിന്റെ വിരുന്നിൽ ക്ഷണിക്കപ്പെട്ടവരും നിന്റെ നിത്യരാജ്യത്തിൽ അവകാശികളും ആയിത്തീരുമാറാകണമെ. അവിടെ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും മുടക്കംകൂടാതെ ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ. ഹോശൊ....

## വീണ്ടും കോലോ- കൂക്കോയോ (8-ാം രാഗം)

സ്ലീബായെ വന്ദിപ്പാനായ്- ഹെലേനെ രാജ്ഞി
നൃപപട്ടണമാം റോമയിൽനി- ന്നേറുശലേമാ-ർന്നു
യൂദന്മാരെ കൂട്ടിചൊന്നേവം
കാണിച്ചിടുവിൻ സ്ലീബാ വച്ചോരിടം
ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ നീ-
യവനോടാരാ-ഞ്ഞാൽ
മശിഹാ തൻ സ്ലീബായമരും സ്ഥാനം കാണിക്കും
ഹാലേലുയ്യ എന്നവരുര ചെയ്തു. **ബാറെക്ക്മോർ**

അമ്മാനുവേൽ ദേവേശൻ തരുവിൽ തൂങ്ങി
ഈൽശാദായ് തനയൻ വീരൻ തല താഴ്ത്തി മരിച്ചു
ആത്മം മാത്രം തരുവിൽ കൈവിട്ടു
നിജസാരാംശം മേനിയിൽ നിവസിച്ചു
വേർപ്പെട്ടാൻ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിച്ചിടട്ടുന്നതനെ ക്രൂശിച്ചോർ യൂദർ
ഹാലേലുയ്യാ കഷ്ടമവർക്കെന്നും. **മൊറിയോ റാഹേം...**

## യാക്കോബിന്റെ ബോവൂസ്സോ (8ാം രാഗം)

സ്ലീബായാലെ തൻ സഭയെ വീണ്ടോ-നാം പുത്രാ
ശൈനോ നൽകി തൻ സുതരെ നീ ര-ക്ഷിച്ചാലും
മാനവ ലോകർക്കത്ഭുത വീര്യം കാ-ട്ടിയ സ്ലീബാ
എന്നും മേലാലു- ന്നതമാക്കും സ-ഭ തൻ മൗലി
വന്ദിക്കുന്നോർക്കുൾപ്രഭ നൽകും സ്ലീ-ബാ തന്റെ
ഉൾപ്രഭ കാണ്മാനെന്നുൾക്കൺകൾക്കേ-കുക ദീപ്തി.
മാർഗ്ഗം തെറ്റിപ്പോയൊരു സഭയെ ര-ക്ഷിച്ചോനേ
നീതിയെഴും നിൻ വിധിയതിലെന്നെ ര-ക്ഷിക്കേണം
നിൻ കുരിശേറ്റം കൊണ്ടാടാനായ് കൂ-ടിയ ഞങ്ങൾ
നിൻ കൃപമൂലം നിത്യ സ്തുതിയിൽ സ്തു-തി പാടേണം
ദൈവ തനൂജ! വലഭാഗചെന മോ-ഷ്ടാവിന്മേൽ
നീ കൃപ ചെയ്തു ഞങ്ങടെ മേലും കൃ-പ ചെയ്യേണം.

**(പ്രത്യേക ക്രമമായി നടത്തുന്നുവെങ്കിൽ മാത്രം താഴെയുള്ള വായനകളും, സ്ലീബാ ആഘോഷത്തിനു ശേഷമുള്ള വിശ്വാസ പ്രമാണവും കുക്കലിയോനുകളും ചൊല്ലിയാൽ മതിയാകും. ഇല്ലെങ്കിൽ സ്ലീബാ ആഘോഷം മാത്രം നടത്തി ശുശ്രൂഷ അവസാനിപ്പിക്കാം.)**

**ശ്ലീഹാ വായന**

ഭൂവിലശേഷം ദൈവത്താൽ പ്രേഷിതരായ......

**അപ്പോ.പ്രവൃത്തി 2: 29-36**

പൗലൊസ് ശ്ലീഹാ ധന്യൻ ചൊൽ കേട്ടേൻ ഇതേവം.....

**ഗലാത്യർ 3:1-14**

**ഏവൻഗേലിയോൻ**

(ഹാ...ഹാ...ബോക്ക് ന് ദാക്കർ ല് എൽദ് ബോബൈൻ...)

ഹലേ...ഹലേ...വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ

ദ്വേഷികളെ മെതിച്ചീടും നിൻ നാമത്തിൽ...ഹാലെലൂയ്യാ.

**മർക്കോസ് 8: 34-38**

## സ്ലീബാ ആഘോഷം

ഹൗദു മാലാഖേ......ഇത്യാദി

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!....**

**=====സമാപ്തം======**